# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **2036.** 13/06/2019-ൽ മറുപടിക്ക്

### ആരോഗ്യസേവന സ്ഥാപനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. എൻ. എ. ഖാദർ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** | |
| എ | സ്വകാര്യ ആരോഗ്യസേവന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം പ്രാബല്യത്തിൽ വന്ന് അഞ്ചു മാസങ്ങൾ കഴിഞ്ഞ സാഹചര്യത്തിൽ ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിക്കുന്നതിനും തരംതിരിക്കുന്നതിനും ഇവയുടെ സേവന നിലവാരം നിശ്ചയിക്കുന്നതിനുമായി എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | എ, ബി, & സി. | കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം മോഡേൺ മെഡിസിന് 01.01.2019 മുതൽ നിലവിൽ വന്നു. ഇതിനെ തുടർന്ന് ആദ്യ രണ്ട് ഘട്ടങ്ങളിലായി 9 ജില്ലകളിൽ താൽക്കാലിക രജിസ്ട്രേഷൻ ആരംഭിക്കുകയുണ്ടായി. 2 വർഷത്തിന് ശേഷം ഇവയ്ക്ക് സ്ഥിരം രജിസ്ട്രേഷനാവശ്യമായ സേവന നിലവാരം നിശ്ചയിക്കേണ്ട സമിതി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ജില്ലയിലെ സ്ഥാപങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നതിനായി ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായി ജില്ലാ രജിസ്ട്രേഷൻ അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിൽ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനതല പരാതിപരിഹാര കമ്മറ്റി രൂപീകരണത്തിനായുള്ള സബ്കമ്മിറ്റി പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുവാനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതാണ്. |
| ബി | ഇതനുസരിച്ചുള്ള രജിസ്ട്രേഷൻ സംവിധാനത്തിന്റെ പ്രവർത്തനം തുടങ്ങിയോ; ആയതിന്റെ പ്രവർത്തനം വിശദമാക്കുമോ? | | |
| സി | പ്രസ്തുത നിയമപ്രകാരമുള്ള സബ്കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഘടന വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ